**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2210** **11.02.2020** - ൽ മറുപടിയ്ക്ക്

**മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിന് ശ്രീ.മനോജ്.വി.കെ.കോട്ടയം സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി**

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന ശ്രീ.മനോജ്.വി.കെ., വെള്ളാരംകാലായിൽ, വെമ്പള്ളി പി.ഒ., കോട്ടയം ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിക്കു നിവേദനം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നം.112/2019/എസ്.ജെ.ഡി., തീയതി 23.02.2019 പ്രകാരം ധനസഹായ-ത്തിനുള്ള അനുവാദം നൽകുകയും ചെയ്തിരുന്നു- | (എ) | ശ്രീ.മനോജ്.വി.കെ. - ഷൈലജ ദമ്പതികൾ മിശ്രവിവാഹ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി 23.02.2019-ലെ സ.ഉ,(സാധാ) നം.112/2019/സാനീവ പ്രകാരം സർക്കാർ ഉത്തരവായതിനുശേഷം 06.03.2019-ലാണ് കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കോട്ടയം ജില്ലയിലെ യോഗ്യരായ അപേക്ഷകരുടെ 2019-20 വർഷത്തെ ലിസ്റ്റിൽ ടിയാളുടെ പേര് ക്രമനമ്പർ 26 ആയി ഉൾപ്പെട്ടിട്ടുണ്ട്. ടി ദമ്പതികൾ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 2019-20 വർഷത്തെ മിശ്രവിവാഹ ധനസഹായത്തുക മുഴുവനും വിതരണം ചെയ്തു കഴിഞ്ഞപ്പോൾ കോട്ടയം ജില്ലയിൽ ബ്ലോക്ക് ലെവലിൽ 2016 |

| | | | |
|---|---|---|---|
| | വെങ്കിലും നാളിതുവരെ പ്രസ്തുത സഹായം ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | | മുതലുള്ള അപേക്ഷകൾക്ക് ധനസഹായം നൽകാനായി ബാക്കിയുണ്ട്. കൃത്യമായ മുൻഗണനാ ക്രമം പാലിച്ചുകൊണ്ട് വിതരണം ചെയ്തുവരുന്ന മിശ്രവിവാഹ ധനസഹായത്തുക പ്രസ്തുത കാരണത്താലാണ് ശ്രീ.മനോജ്.വി.കെ.യ്ക്ക് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് ജില്ലാ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഇതുവരെയും സഹായം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ടിയാൾക്ക് തുക അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**